GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

23rd June 2015

## വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ അഞ്ച് അംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റ നിയമം ലംഘിച്ചതിന് വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ അഞ്ച് യു.ഡി.എഫ് അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ.ശശിധരൻ നായർ അയോഗ്യരാക്കി. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറു വർഷത്തേക്ക് വിലക്കിയിട്ടുമുണ്ട്. പി.മുഹമ്മദ്, കൊയ്രമ്മ കളത്തിൽ, ശാരദാ അച്ചാപ്പൻ, ലീലാ ഭാസ്കരൻ, ഗ്രേസി ബെന്നി എന്നിവരെയാണ് അയോഗ്യരാക്കിയിട്ടുള്ളത്. അതേ ഗ്രാമപഞ്ചായത്തിലെ മറ്റൊരംഗമായ സി.എച്ച്. അഷറഫിന്റെ നാലും, ടി.കെ മമ്മൂട്ടിയുടെ രണ്ടും വ്യത്യസ്ത ഹർജികളിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ പൊതുവിധിന്യായം പ്രഖ്യാപിച്ചത്. വെള്ളമുണ്ട ഗ്രാമപഞ്ചായത്തംഗം സുലേഖ കെനിക്കകീഴാറ്റക്കെതിരെ സമർപ്പിച്ച ഹർജി കൂറുമാറ്റ നിരോധന നിയമലംഘനമാണെന്ന വാദം കമ്മീഷൻ തള്ളി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് , വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഔദ്യോഗിക സ്ഥാനാർത്ഥിക്ക് അനുകൂലമായി നിലപാട് സ്വീകരിക്കണമെന്ന പാർട്ടി വിപ്പുകൾ ലംഘിച്ചതിനെ തുടർന്നാണ് കൂറുമാറ്റനിരോധന നിയമലംഘനത്തിന് ഇവരെ അയോഗ്യരാക്കിയിട്ടുള്ളത്.

*(എസ്.ഇ.സി. 25/2015)*